REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-09-2024 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ജമ്മു കശ്മീരിൽ സമാധാനം ഉറപ്പാകുന്നത് വരെ പാക്കിസ്ഥാനുമായി ചർച്ചകളുണ്ടാവില്ലെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ**
- **തിരുവനന്തപുരം വിമാനത്താവളത്തിലെ ഗ്രൗണ്ട് ഹാന്റ്ലിംഗ് ജീവനക്കാരുടെ പണിമുടക്കിനെ തുടർന്ന് വിമാനസർവീസുകൾ വൈകുന്നു.**
- **കായിക മേഖലയിലെ നടപ്പുവർഷത്തെ ബജറ്റ് വിഹിതം 470 ദശലക്ഷം ഡോളറായി വർദ്ധിപ്പിച്ചതായി കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ.**
- **പാരീസ് പാരാലിമ്പിക്സിന് ഇന്ന് സമാപനം.**
- **കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് തൃശൂർ ടൈറ്റൻസ് കൊച്ചി ബ്ലൂ ടൈഗേഴ്സിനെയും തിരുവനന്തപുരം റോയൽസ്, കൊല്ലം സെയിലേഴ്സിനെയും നേരിടും.**

## വാർത്തകൾ വിശദമായി

ജമ്മു കശ്മീരിൽ സമാധാനം ഉറപ്പാകുന്നത് വരെ പാക്കിസ്ഥാനുമായി ചർച്ചകളുണ്ടാവില്ലെന്ന് കേന്ദ്രമന്ത്രി അമിത് ഷാ വ്യക്തമാക്കി. മേഖലയിൽ മുൻപുണ്ടായിരുന്ന സംവിധാനങ്ങൾ തിരിച്ചു കൊണ്ട് വരാൻ പ്രതിപക്ഷം ശ്രമിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ജമ്മു കശ്മീരിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും മാത്രമേ കഴിയൂവെന്നും അമിത് ഷാ പറഞ്ഞു.

ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷം ആദ്യ നിയമസഭാ തെരഞ്ഞെടുപ്പായതിനാൽ ഈ തിരഞ്ഞെടുപ്പിന് ചരിത്രപ്രാധാന്യമേറുമെന്നും അമിത് ഷാ വ്യക്തമാക്കി. ജമ്മുവിൽ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ADGP MR അജിത് കുമാർ ആരെ കാണാൻ പോകുന്നതും പാർട്ടിയെ അലട്ടുന്ന പ്രശ്നമല്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പറഞ്ഞു. പാർട്ടിയുമായി അതിനെ കൂട്ടിക്കെട്ടേണ്ട ആവശ്യമില്ല . ADGPയും RSS നേതാവുമായി ഉണ്ടായ കൂടിക്കാഴ്ച വിവാദമാക്കിയത് മാധ്യമങ്ങളാണെന്നും അദ്ദേഹം കാസർകോട് അഭിപ്രായപ്പെട്ടു. തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്താൻ മുഖ്യമന്ത്രിയുടെ ആവശ്യപ്രകാരം ADGP, RSS നേതാവിനെ കണ്ടുവെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണത്തെയാണ് അസംബന്ധം എന്ന് വിശേഷിപ്പിച്ചതെന്നും ഗോവിന്ദൻ വ്യക്തമാക്കി.

✪✪✪

BJP ക്ക് കേരളത്തിൽ അക്കൗണ്ട് തുറക്കാൻ തൃശൂർ പൂരം അലങ്കോലപ്പെടുത്തന്നതിന് ഗവൺമെന്റ് കൂട്ടുനിന്നതായി പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. പൂരത്തിൽ കുഴപ്പമുണ്ടാക്കിയത് പൊലീസ് കമ്മീഷണർ ആണെന്നും അദ്ദേഹം പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു. മുഖ്യമന്ത്രി ഇക്കാര്യങ്ങൾ അറിഞ്ഞിട്ടും പ്രതികരിച്ചില്ലെന്നും സതീശൻ കുറ്റപ്പെടുത്തി.

✪✪✪

ഇപ്പോഴത്തെ രാഷ്ട്രീയ വിവാദങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി പറയണമെന്ന് മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലികുട്ടി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. മുഖ്യമന്ത്രി മൗനം വെടിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

തൃശൂർ ലോക സഭാ മണ്ഡലത്തിൽ UDF, K മുരളീധരനെ ബലിയാടാക്കു കയായിരുന്നുവെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. വിജയ സാധ്യത ഉണ്ടായിരുന്ന വടകരയിൽ നിന്ന് മുരളീധരനെ തൃശൂരിലേക്ക് മാറ്റിയത് മനഃപൂർവമായിരുന്നുവെന്നും അദ്ദേഹം ആരോപിച്ചു. UDF ഉം LDF ഉം തമ്മിൽ അന്തർധാര നിലനിൽക്കുന്നുണ്ടെന്നും പുനർജനി കേസിൽ ഗവൺമെന്റ് വിട്ടുവീഴ്ച്ച ചെയ്തെന്നും സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. സുരേഷ് ഗോപി

ജയിച്ചത് പൂരം അലങ്കോലപ്പെടുത്തിയ തുകൊണ്ടല്ലെന്നും സുരേന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു.

തൃശൂർപൂരവുമായി ബന്ധപ്പെട്ട് ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും അദ്ദേഹം വ്യക്തമാക്കി

✪✪✪

മലപ്പുറം SP യുടെ ക്യാമ്പ് ഓഫീസിലെ മരങ്ങൾ അനധികൃതമായി മുറിച്ചെന്ന പരാതി നൽകിയ SI ശ്രീജിത്തിനെ മൊഴിയെടുക്കാനായി DIG വിളിപ്പിച്ചു. അന്ന് SP ആയിരുന്ന സുജിത് ദാസാണ് മരംമുറിക്ക് പിന്നിലെന്ന് ശ്രീജിത്താണ് വെളിപ്പെടുത്തിയത്. തൃശൂർ റേഞ്ച് DIG തോംസൺ ജോസിന് നാളെ തൃശൂർ DIG ഓഫീസിലെത്തി ശ്രീജിത്ത്, മൊഴി നൽകും.

✪✪✪

കൊടുങ്ങല്ലൂരിന് സമീപം ശ്രീനാരായണപുരത്ത് ഒരാൾ H1-N1 ബാധിച്ച് മരിച്ചു. ശങ്കുബസാർ കൈതക്കാട്ട് അനിൽ എന്ന 53 കാരനാണ് മരിച്ചത്. കഴിഞ്ഞമാസം 23നാണ് രോഗം സ്ഥിതീകരിച്ചത്.

✪✪✪

കാസർകോട് ജില്ലയിൽ H1-N1 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശം നൽകി. വായുവിലൂടെ പകരുന്ന രോഗമായതിനാൽ പൊതു ഇടങ്ങളിൽ മാസ്ക് ധരിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ ഉണ്ടായാൽ കൃത്യമായി ശ്രദ്ധിക്കുകയും ശാസ്ത്രീയ ചികിത്സ സ്വീകരിക്കേണ്ടതുമാണ്.

✪✪✪

ശമ്പള പരിഷ്ക്കരണവും ബോണസുമുൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു വിഭാഗം ഗ്രൗണ്ട് ഹാന്റ്ലിംഗ് ജീവനക്കാർ പണിമുടക്ക് തുടങ്ങി. അന്താരാഷ്ട്ര വിമാന സർവീസുകളെ സമരം ബാധിച്ചു. പല വിമാനങ്ങളും പുറപ്പെടാൻ വൈകി. യാത്രക്കാർക്ക് ബാഗേജ് ലഭിക്കുന്നതിലും കാലതാമസം നേരിടുകയാണ്. എയർ ഇന്ത്യാ സാറ്റ്സിന്റെ 400 ലേറെ കരാർ തൊഴിലാളികളാണ് പണി മുടക്കുന്നത്.

✪✪✪

സംസ്ഥാനത്തെ 142 എഞ്ചിനിയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ച
ഒന്നാം വർഷ B-TECH വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പരിപാടി നാളെ മുതൽ അഞ്ച് ദിവസങ്ങളിലായി പൂർത്തിയാക്കുമെന്ന് സാങ്കേതിക സർവകലാശാല

അറിയിച്ചു. പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ചൊവ്വാഴ്ച തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിൽ മന്ത്രി ഡോ. R നിർവഹിക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. “പരസ്പര ധാരണയ്ക്കും സമാധാനത്തിനും സാക്ഷരത” എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.നിരക്ഷരർക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

കായിക മേഖലയിലെ നടപ്പുവർഷത്തെ ബജറ്റ് വിഹിതം 470 ദശലക്ഷം ഡോളറായി മോദി ഗവൺമെന്റ് വർദ്ധിപ്പിച്ചുവെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. 2014-15 വർഷം ഇത് 143 ദശലക്ഷം ഡോളർ മാത്രമായിരുന്നുവെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. 44-മത് ഏഷ്യൻ ഒളിമ്പിക് കൗൺസിൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏഷ്യൻ ഗെയിംസിലും പാരാലിമ്പിക്സിലും വൻ നേട്ടം കൈവരിക്കാൻ ഇതുവഴി സാധ്യമായെന്ന് മാണ്ഡവ്യ പറഞ്ഞു. കേന്ദ്രമന്ത്രി JP നദ്ദയും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. നേരത്തെ യോഗത്തിൽ സംസാരിച്ച ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡണ്ട് PT ഉഷ ഒളിമ്പിക് പ്രസ്ഥാനത്തിനും സ്പോർട്സ്മാൻ സ്പിരിറ്റിനും എന്നും ആദരം നൽകുന്ന രാജ്യമാണ് ഇന്ത്യയെന്ന് പറഞ്ഞു.

✪✪✪

പാരീസ് പാരാലിമ്പിക്സ് ഇന്ന് സമാപിക്കും. സമാപന ചടങ്ങിൽ ഇന്ത്യയ്ക്കു വേണ്ടി ഇരട്ട സ്വർണം നേടിയ പ്രീതിപാലും, അമ്പെയ്ത്ത് സ്വർണ്ണ ജേതാവ് ഹർവീന്ദർ സിംഗും പതാകയേന്തും.

പാരാലിമ്പിക്സിന്റെ പത്താം ദിനം ഇന്ത്യ രണ്ട് മെഡലുകൾ സ്വന്തമാക്കി. 7 സ്വർണ്ണവും 9 വെള്ളിയും 13 വെങ്കലവുമടക്കം 29 മെഡലുകളോടെ ഇന്ത്യ, മെഡൽ പട്ടികയിൽ 16-ാം സ്ഥാനത്തേക്ക് ഉയർന്നു.

✪✪✪

കേരളത്തിലെ ആദ്യ പ്രഫഷനൽ ഫുട്ബോൾ ലീഗായ സൂപ്പർ ലീഗ് കേരള, ആദ്യ സീസണിലെ ഉദ്ഘാടന മത്സരത്തിൽ മലപ്പുറം FC ക്ക് ജയം. ഫോഴ്സാ കൊച്ചിയെ എതിരില്ലാത്ത രണ്ട് ഗോളിനാണ് മലപ്പുറം തകർത്തത്. കൊച്ചി ജവാഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലായിരുന്നു മത്സരം.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിലെ ആദ്യമത്സരത്തിൽ ഉച്ചക്ക് 2.30ന് തൃശൂർ ടൈറ്റൻസ് കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും. വൈകിട്ട് 6.45 ന് തിരുവനന്തപുരം റോയൽസ്, കൊല്ലം സെയിലേഴ്സുമായി ഏറ്റുമുട്ടും .

✪✪✪

US ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് രാത്രി ടെയ്‌ലർ ഫ്രിറ്റ്സും ജാനിക് സിനറും ഏറ്റുമുട്ടും. വനിതാകിരീടം ബെലാറസിന്റെ അറീന സെബലങ്ക ഇന്നലെ സ്വന്തമാക്കി. നേരത്തെ ഓസ്ട്രേലിയയുടെ മാക്സ് പർസലും ജോർഡാൻ തോംസണും പുരുഷ ഡബിൾസ് കിരീടം സ്വന്തമാക്കിയിരുന്നു.

✪✪✪

തിരുവനന്തപുരം നഗരത്തിലെ ജലവിതരണ പ്രതിസന്ധി തുടരുകയാണ്. നഗരത്തിൽ പല മേഖലകളിലും ദിവസങ്ങളായി കുടിവെള്ളം ലഭിക്കാത്തതിനാൽ ജനങ്ങൾ ഏറെ ദുരിതത്തിലാണ്. തടസ്സപ്പെട്ട ജലവിതരണം വൈകിട്ടോടെ പുന:സ്ഥാപിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

തിരുവനന്തപുരം - കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായാണ് നഗരത്തിലെ പലയിടങ്ങളിലും ജലവിതരണം നിർത്തി വെച്ചത്.

കുടിവെള്ള വിതരണം പുന:സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ശ്രമം തുടരുകയാണ്.

✪✪✪

സംസ്ഥാനത്ത് നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ഉൾപ്പടെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പുണ്ട്.

✪✪✪

നടൻ ബാബുരാജിനെതിരെ ജൂനിയർ ആർട്ടിസ്റ്റ് നൽകിയ പീഡന പരാതിയിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചു. അടിമാലി പൊലീസാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത്. പരാതിക്കാരിയെ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തും. ബാബുരാജിന്റെ ആലുവയിലെ വീട്ടിലും റിസോർട്ടിലും പീഡിപ്പിച്ചെന്നായിരുന്നു യുവതിയുടെ പരാതി.

✪✪✪

എല്ലാ ജില്ലകളിലും സ്ട്രോക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു. മെഡിക്കൽ കോളേജുകൾക്ക് പുറമെ 12 ജില്ലകളിൽ ആരോഗ്യവകുപ്പിന്റെ സ്ട്രോക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട്, മലപ്പുറം ജില്ലകളിലാണ് സെന്ററുകൾ ഇല്ലാത്തതെന്ന് മന്ത്രി പത്തനംതിട്ടയിൽ പറഞ്ഞു. രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന മിഷൻ സ്ട്രോക് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്ന് അവർ. അടുത്ത ഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിലെ ആദ്യ വയഡക്ടിനു വേണ്ടി നിർമ്മിക്കുന്ന വർക്കിംഗ് പൈലിന്റെ സ്വിച്ച് ഓൺ കർമ്മം കൊച്ചി സ്പെഷ്യൽ എക്കണോമിക്  സോൺ സ്റ്റേഷന് സമീപം നടന്നു. മന്ത്രി P രാജീവ്, ഹൈബി ഈഡൻ MP തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പിങ്ക് ലൈൻ എന്ന പേരിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്ന പദ്ധതി കൊച്ചി ഇൻഫോപാർക്കിലും സമീപ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് വളരെയേറെ പ്രയോജനപ്പെടുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു.

✪✪✪

ഹോട്ടലുകളിലും റിസോട്ടുകളിലും ശുചിത്വം ഉറപ്പാക്കുന്നതിന് 'സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ്' ഇടുക്കിയിൽ ആദ്യ ഘട്ടം പൂർത്തിയാക്കി. ഇതുവരെ 41 സ്ഥാപനങ്ങൾക്കാണ് റേറ്റിങ് നൽകിയത്.

✪✪✪

വിവരാവകാശ കമ്മിഷന്റെ മാറ്റിവച്ച കോഴിക്കോട് ക്യാമ്പ് സിറ്റിംഗ് മറ്റന്നാൾ രാവിലെ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിക്കും. വിവരാവകാശ കമ്മീഷണർ ഡോ.A.അബ്ദുൽ ഹക്കീമിന്റെ നേതൃത്വത്തിലെ സംഘം തെളിവെടുപ്പ് നടത്തും.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നാളെ രാവിലെ മലപ്പുറം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ് നടത്തും. ജില്ലയിൽ നിന്നും പുതിയ പരാതികളും സ്വീകരിക്കും.

✪✪✪

ട്രെയിനിൽ രേഖകളില്ലാതെ കടത്തുകയായിരുന്ന 40 ലക്ഷം രൂപ കണ്ണൂരിൽ റെയിൽവേപൊലീസിന്റെ ഓണം സ്പെഷ്യൽ സ്ക്വാഡ് പിടികൂടി. കോട്ടയം സ്വദേശി സാബിൻ ജലീലിൽ നിന്നാണ് കുഴൽപണം എന്ന് സംശയിക്കുന്ന തുക കണ്ടെടുത്തത്.

✪✪✪